# ഉണർവ്




## ജി എച്ച് എസ് ചേരിയം മങ്കട









**സ്കൂളിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷ പരിപാടികളിൽ നിന്ന്.....**

## സന്ദേശം

പ്രിയവിദ്യാർത്ഥികളുടെ ഈ സംരഭത്തിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.ഡിജിറ്റൽ മാഗസിന്റെ വേണ്ടി പ്രയത്നിച്ച എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ അധ്യാപകർക്കും പ്രത്യേക അഭിനന്ദങ്ങൾ.

സ്നേഹപൂർവ്വം

ഹെഡ്മാസ്റ്റർ

<u>**പത്രാധിപസമിതി**</u>

<u>**പണിപ്പുരയിൽ**</u>

ചീഫ് എഡിറ്റർ; രവീന്ദ്രൻ കെ.കെ

സ്റ്റാഫ് എഡിറ്റേഴ്സ്; സംഗീത.ബി (കൈറ്റ് മിസ്ട്രസ്സ്)

നദീർ കെ.വി (എസ്. ഐ. ടിസി)

സൈഫുദ്ദീൻ പി. ടി (കൈറ്റ് മാസ്റ്റർ)

സ്റ്റുഡന്റ് എഡിറ്റർ; അസ്ന. സി ( 9.B)

<u>***പത്രാധിപസമിതി അംഗങ്ങൾ***</u>

അരീജ. കെ. (9.B)

അശ്വിനി. കെ (9.B)

അരീബ്. കെ (9.B)


അൻസില. പി.പി (9.B)

<u>***ലേഔട്ട്***</u>

അലി അജ്ഹദ്.വി (8.A)

സിയാസ്. (10.A)

<u>***സഹായി***</u>



ബുഷ്റ. എൻ (6.A)
നിഹ. കെ (6.A)

**സ്കൂൾ അക്കാദമിക മികവ് സമൂഹവുമായി പങ്കുവെക്കുന്നതിന് വേണ്ടി 31/01/2019 ന് സംഘടിപ്പിച്ച പഠനോത്സവത്തിലൂടെ...**









# ഓർമ

എൻ വിദ്യാലയത്തിലെ മാവും മരങ്ങളുമെവിടെപ്പോയി
അതിൻ ചുവട്ടിലോടിക്കളിച്ച കുരുന്നുകളെവിടെ
തെളിയുന്നു മനതാരിൽ മരങ്ങൾ തൻ ദീനരോദനവും
എൻ ബാല്യകാലവും

**അസ്ന സി (9 B)**

# <u>മലയാളത്തിളക്കം</u>

## -സിയാസ്. എം (10. A)

നഷ്ടപ്പെട്ട നിറങ്ങളുടെ
ഉൽസവമായിരുന്നു
8.എ ക്ലാസിൽ നിന്ന്
നരച്ച മുഖമാണ്



ആദ്യമെത്തിയത്
ചോദ്യങ്ങൾക്ക് മുന്നിൽ
പകച്ച പുകഞ്ഞ കൊള്ളി
വിറച്ച് കൊണ്ട് പുറത്തു നിന്ന്
ചുമച്ചു
ജനലിനു പുറത്ത് നോക്കി നിന്നവളുടെ
മുഖം കരുവാളിച്ചിരുന്നു
ടീച്ചർ
അക്ഷരങ്ങൾ തമ്മിൽ
ചേർത്ത് വെച്ചപ്പോൾ
വസന്തം എത്തിയത്
ഇന്നലകളിൽ
നിങ്ങൾ അനാഥമാക്കിയ
അവരുടെ
ഉള്ളങ്ങളിലാണ്

# Quotes

"better an ugly
face than an
ugly mind"
-james ellis

"one child one teacher
one book and one pen
can change the world"
-malala

"the best brains of
the nation may be
found in the last benches
of the class room"
-APJ abdul kalam

"education is not the
learning of facts, but the
training of the mind to think"
-albert einstein

# പ്രസംഗകനുണ്ടാകേണ്ട ഗുണങ്ങൾ

സംഗീതവും ചിത്രരചനയും മാത്രമല്ല പ്രസംഗവും ഒരു കലയാണ് പ്രസംഗത്തിലെ പ്രധാനപ്പെട്ട ഘടകം പ്രസംഗകനാണ്.ഒരു പ്രസംഗകന് ഒരുപാട് ഗുണങ്ങൾ ആവിശ്യമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ആത്മാർഥത. ഒരു പ്രസംഗകൻ പ്രസംഗിക്കുമ്പോൾ പ്രസംഗത്തിലേക്ക് ആകർഷിക്കേണ്ടതും അത് കേട്ടിരിക്കാൻ തോന്നിപ്പിക്കേണ്ടതും പ്രസംഗകന്റെ പേമാരി പോലെ ചൊരിയുന്ന വാഗ്ധോരണിയാണ്.

വാക്കിന്റെ ഉച്ചരിക്കപ്പെടുന്ന ഒരു പ്രസംഗകനെ സംബന്ധിച്ച് അത് ചലനശക്തിയാണ്.ആ അനുഭവം പകർന്ന് കൊടുത്ത് പ്രചോദിപ്പിക്കാനാണ് . ഒരു പ്രസംഗകൻ ശ്രമിക്കേണ്ടത് അല്ലാതെ തന്റെ ആശയം ഊതി വീർപ്പിക്കാനുള്ള ബലൂണായി അയാളെ ഉപയോഗിക്കാനല്ല ഒരു പ്രസംഗകൻ ലോകത്തിലെ എല്ലാ വിഭാഗത്തോടും സംസാരിക്കണം ശങ്കരാചാര്യർ പണ്ഡിതൻമാരോടും ശിഷ്യരോടും മാത്രമേ സംസാരിച്ചൊള്ളു. ക്രിസ്തു അങ്ങനെയല്ല .ഗാന്ധിജിയും മുഹമ്മദും അങ്ങനെയല്ല അവർ മുക്കുവരോടും അക്രമികളോടും അജ്ഞാതരോടും സംസാരിച്ചു. അതാണ് യഥാർഥ പ്രസംഗകന്റെ നില ഒരു നല്ല പ്രസംഗകൻ പ്രസംഗിക്കുമ്പോൾ വിഷയത്തിന് കീഴടങ്ങണം .

ഇത്രയും ഗുണങ്ങൾ അടങ്ങുമ്പോഴെ ഒരാൾ മികച്ച പ്രാസംഗകനാവു പ്രസംഗം വാതിലടച്ചു നടത്തുന്ന ഒരു ഏർപ്പാടല്ല അതിന്റെ വാതിലുകളും വാതായനങ്ങളും ഈ മഹാ പ്രബഞ്ചം പോലെ തുറന്നതും വിശാലവും പ്രകാശ പൂർണവുമാണ്.

അരീജ. കെ (9.B)